"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - ചെറുപ്പളശ്ശേരി മുനിസിപ്പാലിറ്റി - ബിൽഡിങ് പെർമിറ്റ് പുതുക്കുന്നതിനായി കൈക്കൂലി വാങ്ങിയതിന് ഉദ്യോഗസ്ഥനെതിരായ അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുളള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.2818/2025/LSGD തീയതി,തിരുവനന്തപുരം, 15-11-2025

---

പരാമർശം:-

1. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 03.06.2024-ലെ വിജി F1/194/2023-വിജി നം. കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 02.03.2019-ലെ C4-(VC-1/2019PKD)4045/2019/DVACB നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.02.2019, ലെ E15/1553/19/CE/LSGDനമ്പർ കത്ത്.
4. 30.09.2024-ലെ 60/EW4/2019/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
5. ശ്രീ.ലിജിൻ സമർപ്പിച്ച 06.02.25 ലെ എതിർവാദ പത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.25-ലെ LSGD/PD/26540/2023-VIGD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചെറുപ്പളശ്ശേരി മുനിസിപ്പാലിറ്റിയിലെ മൂന്നാം തരം ഓവർസിയറായിരുന്ന ശ്രീ.ലിജിൻ.എഫ്- ബിൽഡിങ് പെർമിറ്റ് പുതുക്കുന്നതിനായി പരാതിക്കാരനിൽ നിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് പിടിയിലാവുകയും തുടർന്ന് ബഹു.തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്കോടതി ടിയാനെ 14 ദിവസം റിമാൻഡ് ചെയ്തതുമായി ബന്ധപ്പെട്ട പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് ചെറുപ്പളശ്ശേരി മുനിസിപ്പാലിറ്റിയിലെ മൂന്നാം തരം ഓവർസിയറായിരുന്ന ശ്രീ.ലിജിൻ.എഫ്-നെതിരെ പരാമർശം 4 പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതൻ പരാമർശം 5 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ബിൽഡിങ് പെർമിറ്റ് പുതുക്കുന്നതിനായി പരാതിക്കാരനിൽ നിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് പിടിയിലായ ചെറുപ്പളശ്ശേരി മുനിസിപ്പാലിറ്റിയിലെ മൂന്നാം തരം ഓവർസിയറായിരുന്ന ശ്രീ.ലിജിൻ.എഫ്- നെതിരെ 1960- ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി

Ottappalam Block Panchayath Asst. Executive Engineer Sri. Useph.K.A.(PEN: 683966)-നെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1) Sri. Useph K.A. (PEN:683966), Asst. Executive Engineer, Ottappalam Block Panchayath (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ)( തദ്ദേശ സ്വയം ഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
2) ശ്രീ.ലിജിൻ(PEN:833576), മൂന്നാം തരം ഓവർസിയർ, വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്.(തദ്ദേശ സ്വയംഭരണ വകുപ്പ്പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5)സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 15-11-2025 15:42:36
സെക്ഷൻ ഓഫീസർ